# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7673** **15.07.2014-ൽ മറുപടിയ്ക്ക്**

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ മത്സ്യഗ്രാമം ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) മത്സ്യഗ്രാമം ഭവന നിർമ്മാണ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ആകെ എത്ര രൂപയാണ് അനുവദിച്ചതെന്ന് പറയാമോ; | (എ) മാതൃകാ മത്സ്യഗ്രാമം ഭവന നിർമ്മാണ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഒന്നാംഘട്ടമായി 275 ലക്ഷവും രണ്ടാംഘട്ടമായി 24 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ ആണ് അനുവദിച്ചതെന്നും അതിൽ എത്ര വീടുകളുടെ പണിപൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ; | (ബി) പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടമായി യൂണിറ്റിന് 2.5 ലക്ഷം രൂപ തോതിൽ 284 വീടുകൾ നിർമ്മിക്കുന്നതിനായി അനുമതി നൽകിയിരുന്നു. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട അജാനൂർ മത്സ്യഗ്രാമത്തിൽ നിന്നും ആകെ 145 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ അർഹരാണെന്ന് കണ്ടെത്തിയ 110 പേർക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഇതിൽ 105 പേരുടെ വീട് നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.<br><br>പദ്ധതിയുടെ രണ്ടാംഘട്ടമായി യൂണിറ്റിന് 2 ലക്ഷം രൂപ തോതിൽ ജില്ലയിൽ 60 വീടുകൾ അനുവദിച്ചതിൽ 12 വീടുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ പ്പെടുന്നതാണ് എന്നും ടി വീടുകളുടെയും പ്രവൃത്തി നടന്നു വരുന്നതായും അറിയിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ടമായി എത്ര അടിസ്ഥാന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് പദ്ധതി തുക തിരിച്ച് വിശദീകരിക്കാമോ ? | (സി) മത്സ്യഗ്രാമ പദ്ധതിയുടെ രണ്ടാംഘട്ടമായി ജില്ലയ്ക്ക് ആകെ 60 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 12 വീടുകൾ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽപ്പെടുന്നവയാണ്. കൂടാതെ<br><br>അജാനൂർ മത്സ്യഗ്രാമത്തിൽ യൂണിറ്റിന് 20,000/ രൂപ തോതിൽ 93 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഭവന റിപ്പയർ പദ്ധതി<br><br>പ്രകാരം യൂണിറ്റിന് പരാമാവധി 50,000/ രൂപ തോതിൽ 60 യൂണിറ്റുകൾ ജില്ലയ്ക്ക് |

അനുവദിച്ചതിൽ 5 യൂണിറ്റുകൾ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽപ്പെടുന്നതാണ്. കൂടാതെ യൂണിറ്റിന് 17,500/-രൂപ തോതിൽ 160 കക്കൂസ് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചതിൽ 9 യൂണിറ്റുകൾ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലാണ് അനുവദിച്ചത്. കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് മാതൃകാ മത്സ്യഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന കാഞ്ഞങ്ങാട് മത്സ്യഗ്രാമത്തിൽ 1.39 കോടി രൂപയുടെ ജി. ആർ.എഫ്.ടി.എച്ച്.എസ്.എസ്, കാഞ്ഞങ്ങാട് നവീകരണം നടപ്പിലാക്കിവരുന്നു.

സെക്ഷൻ ആഫീസർ